## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T*3778

15.12.2014-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികളുടെ ഭവന വായ്പാ കുടിശ്ശിക

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ജപ്തിനോട്ടീസിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഭവന വായ്പ, തിരിച്ചടച്ച മത്സ്യത്തൊഴിലാളികളെടി തുക എഴുതിത്തള്ളുന്ന പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നില്ല എന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ; | (എ) | 2007 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം വായ്പ തിരിച്ചടച്ച മത്സ്യത്തൊഴിലാളികളെ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. കൂടാതെ കടമില്ലാതെ ആശ്വാസം നൽകാൻ നിയമത്തിൽ വ്യവസ്ഥയില്ല. |
| (ബി) | 2012-ൽ മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷന് അപേക്ഷ നൽകി 11.07.2014 ൽ തുക അനുവദിച്ചുകൊണ്ടുള്ള നോട്ടീസ് ജില്ലാ ബാങ്കിൽ നിന്ന് ലഭിച്ചു. എന്നാൽ ബാങ്കിൽനിന്ന് തുക ലഭ്യമാകാൻ സർക്കാരിന്റെ പുതിയ ഉത്തരവ് ആവശ്യപ്പെടുന്നതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്യുന്ന കടങ്ങളിൽ സഹകരണ വകുപ്പ് ആഡിറ്റിംഗ് നടത്തി അർഹത ഉണ്ടെന്ന് വകുപ്പ് തലത്തിൽ കണ്ടെത്തുന്ന തുക ബന്ധപ്പെട്ട വായ്പാ അക്കൗണ്ടുകളിലാണ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വരവ് വച്ച് നൽകുന്നത്. തുക നൽകാൻ പുതിയ ഉത്തരവിന്റെ ആവശ്യകത ഉള്ളതായി എവിടെയും വ്യക്തമാക്കിയിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ